"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ശ്രീമതി.വിജുല. പി.കെ-യ്ക്ക് ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിക്കൊണ്ടും നിയമനത്തിന് അപേക്ഷിക്കുന്നതിനായി മകന് അനുവാദം നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(കൈ) നം.154/2025/LSGD തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:-

1. സ.ഉ (അച്ചടി) നം.12/99/ഉഭപവ തീയതി 24/05/1999.
2. സ.ഉ (കൈ) നം.64/2023/തസ്വഭവ തീയതി 04/03/2023.
3. ശ്രീമതി.വിജുല.പി.കെ സമർപ്പിച്ച 24/04/2025-ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 19/07/2025-ലെ LSGD/PD/595/2024-DEF7 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കെ 21/07/2021-ന് മരണപ്പെട്ട മുരളീധരൻ.കെ-യുടെ ഭാര്യ ശ്രീമതി.വിജുല.പി.കെ.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ആശ്രിത നിയമനം ലഭിക്കുവാൻ ഇനിയും കാലതാമസം ഉണ്ടാകുമെന്നതിനാൽ ടിയാളുടെ അപേക്ഷ പിൻവലിക്കുന്നതിനും മകൻ ഹരിഗോവിന്ദ്.കെ-യ്ക്ക് പ്രായപൂർത്തി ആകുന്ന മുറയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം (3) പ്രകാരമുള്ള അപേക്ഷ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കെ 21/07/2021-ന് മരണപ്പെട്ട മുരളീധരൻ.കെ-യുടെ ഭാര്യ ശ്രീമതി.വിജുല.കെ.പി-യ്ക്ക് പരാമർശം (2) പ്രകാരം നൽകിയ ആശ്രിത നിയമന അനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു. ടിയാളുടെ നിയമനം റദ്ദാക്കിയ സാഹചര്യത്തിൽ മകൻ ഹരിഗോവിന്ദ്.കെ-യ്ക്ക് 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്. എന്നാൽ, ക്ഷമതയുള്ള പുതിയ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമേ നിയമനം ലഭിക്കുന്നതിനായുള്ള സീനിയോറിറ്റിയ്ക്ക് അപേക്ഷകന്

അർഹതയുണ്ടായിരിയ്ക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1) ശ്രീമതി.വിജുല. പി.കെ, കുണ്ട്യോട്ട് വീട്, പെരിങ്ങൊളം.പി.ഒ, കോഴിക്കോട് -673571 (രജിസ്റ്റേർഡ് തപാൽ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) ജില്ല കളക്ടർ, മലപ്പുറം
4) പൊതുഭരണ (സി.ഇ.) സെൽ വകുപ്പ്
5) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Dipukumar S L

Date: 21-08-2025 21:24:41

സെക്ഷൻ ഓഫീസർ